# കുടുംബശ്രീ

## മാനേജ്മെന്റ് ഇൻഫർമേഷന് സിസ്റ്റം(എംഐഎസ്)

## 2019–2020

## വാർഷിക പദ്ധതി നിർദ്ദേശങ്ങള്

# അകം

## പ്രവേശിക


| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പേജ് നമ്പർ |
|---|---|---|
| 1 | എല്ലാ ഗ്രാമീണ അയൽക്കൂട്ടങ്ങളുടേയും അംഗങ്ങളുടേയും സാമ്പത്തിക ക്രയവിക്രയ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് ദേശീയ പോർട്ടലിൽ ലഭ്യമാക്കുക. ഇതുവഴി അയൽക്കൂട്ടങ്ങളുടെ കണക്കെഴുത്ത്, പ്രവർത്തന മികവ് എന്നിവ മെച്ചപ്പെടുത്തുകയും ചെയ്യുകഎന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. | 3-6 |
| 2 | എല്ലാ ഗ്രാമീണ എഡിഎസുകളിലെയും സാമ്പത്തിക ക്രയവിക്രയ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് ദേശീയ പോർട്ടലിൽ ലഭ്യമാക്കുക. ഇതുവഴി എഡിഎസുകളെ ശാക്തീകരിക്കുകയും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുക. | 7-9 |
| 3 | എല്ലാ സിഡിഎസുകളുടെയും വെബ് പേജ് , കുടുംബശ്രീ വെബ് സൈറ്റിൽ രൂപീകരിക്കുകയും അതിന്റെ നിരന്തരമായ അപ്ഡേഷൻ നടത്തുകയും ചെയ്യുക. ഇത് വഴി, സിഡിഎസുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കു മികച്ച പ്രചാരണം ലഭിക്കുന്നതാണ് | 10-11 |

## ലക്ഷ്യം 1

എല്ലാ ഗ്രാമീണ അയൽക്കൂട്ടങ്ങളുടേയും അംഗങ്ങളുടേയും സാമ്പത്തിക ക്രയവിക്രയ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് ദേശീയ പോർട്ടലിൽ ലഭ്യമാക്കുക. ഇതുവഴി അയൽക്കൂട്ടങ്ങളുടെ കണക്കെഴുത്ത്, പ്രവർത്തന മികവ് എന്നിവ മെച്ചപ്പെടുത്തുകയും ചെയ്യുകഎന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

### പദ്ധതിയുടെ പേര്

### Transaction based MIS in rural NHGs

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ സഹായത്തോടെ കുടുംബശ്രീ എല്ലാ ഗ്രാമീണ അയൽക്കൂട്ടങ്ങളുടെയും സാമ്പത്തിക ക്രയവിക്രയ വിവരങ്ങളുടെ പൂർണ്ണമായ ഡാറ്റാബേസ് തയ്യാറാക്കി കഴിഞ്ഞാൽ, അയൽക്കൂട്ടങ്ങളുടെ പ്രവർത്തന മികവ് നിർണ്ണയിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ബാഹ്യ ഇടപെടലുകളില്ലാതെ എളുപ്പത്തിൽ അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലോൺ ലഭ്യമാകുന്നതിനും, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റുകൾ ലഭ്യമാകുന്നതിനും ഇതിലൂടെ കഴിയും.

**പശ്ചാത്തലം**

എല്ലാ അയൽക്കൂട്ടങ്ങളുടെയും അംഗങ്ങളുടേയും വിവരങ്ങളുടെ ഡാറ്റാബേസ് കൃത്യമായി പരിപാലിക്കുകയും, ഇതിന്റെഅടിസ്ഥാനത്തിലുള്ള പദ്ധതി രൂപീകരണവും നിലവിലുള്ള പദ്ധതികളുടെ വികസനവും കുടുംബശ്രീയുടെ പ്രധാന ലക്ഷ്യമാണ്. കുടുംബശ്രീ,ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ സഹകരണത്തോടെ ഗ്രാമീണ അയൽക്കൂട്ടങ്ങളെ ശാക്തീകരിക്കുന്നതിന്റെഭാഗമായി അയൽക്കൂട്ടങ്ങളുടേയും അംഗങ്ങളുടേയും സാമ്പത്തിക ക്രയവിക്രയ വിവരങ്ങൾപരിപാലിക്കുന്നതിനുള്ള ഡിജിറ്റൽ സംവിധാനമായ 'ട്രാൻസാക്ഷൻ ബേസ്ഡ്എസ്എച്ച്ജി ഡിജിറ്റൽ അക്കൗണ്ടിംഗ്'എന്ന പദ്ധതി 2017-18 സാമ്പത്തിക വർഷത്തിൽ തുടങ്ങിയിരുന്നു. 2019 മാർച്ച് വരെ, ആകെയുള്ള 2.28 ലക്ഷം ഗ്രാമീണ അയൽക്കൂട്ടങ്ങളിൽ 217406 അയൽക്കൂട്ടങ്ങളുടെ ഡാറ്റ ഡിജിറ്റലൈസ് ചെയ്തു കഴിഞ്ഞു. എന്നാൽ ഓരോ അയൽക്കൂട്ടത്തിലെയും തുടർച്ചയായുള്ള എല്ലാ മാസങ്ങളിലെയും ഡാറ്റ എൻട്രി സമയ ബന്ധിതമായി നടത്തുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. അതിനാൽ തുടർച്ചയായുള്ള എല്ലാ മാസങ്ങളിലെ ഡാറ്റ എൻട്രിയും അതിന്റെ അടിസ്ഥാനത്തിൽ എല്ലാ അയൽക്കൂട്ടങ്ങളെയും മികച്ചതാക്കുന്നതിനും, മികച്ച പ്രവർത്തന മികവുള്ള അയൽക്കൂട്ടങ്ങളെ തിരഞ്ഞെടുക്കുന്നതിനും ഉദ്ദേശിക്കുന്നു.

**വിവര ശേഖരണ ഘടകങ്ങൾ**

- ഗ്രാമീണ അയൽക്കൂട്ടങ്ങളുടെയും അംഗങ്ങളുടെയും പേരും അനുബന്ധ വിവരങ്ങളും
- ലിങ്കേജ് ലോൺ, അതിന്റെ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ
- അയൽക്കൂട്ടത്തിനു ലഭിച്ച ഗ്രാന്റുൾപ്പെടെയുള്ള സാമ്പത്തിക വിവരങ്ങൾ

അയൽക്കൂട്ടങ്ങളുടെ ട്രാൻസാക്ഷൻ ബേസ്ഡ് എംഐഎസ് പദ്ധതിയിൽ ഇതുവരെയുള്ള പുരോഗതിയുടെ വിവരം താഴെ ചേർത്തിരിക്കുന്നു

**TbMIS- STATUS REPORT**

| S.No | District | Total SHG | SHG Uploaded | % Of SHG Uploaded |
|---|---|---|---|---|
| 1 | PALAKKAD | 20776 | 20798 | 100.11% |
| 2 | THRISSUR | 19902 | 19910 | 100.04% |
| 3 | WAYANAD | 8193 | 8135 | 99.29% |
| 4 | KOZHIKKODE | 20461 | 19764 | 96.59% |
| 5 | KOTTAYAM | 13137 | 12571 | 95.69% |
| 6 | THIRUVANANTHAPURAM | 22437 | 21382 | 95.30% |
| 7 | IDUKKI | 11209 | 10621 | 94.75% |
| 8 | ERNAKULAM | 19085 | 17926 | 93.93% |
| 9 | KANNUR | 15567 | 14602 | 93.80% |
| 10 | KOLLAM | 19338 | 17999 | 93.08% |
| 11 | KASARGODE | 9494 | 8786 | 92.54% |
| 12 | ALAPPUZHA | 17626 | 16262 | 92.26% |
| 13 | MALAPPURAM | 22753 | 20864 | 91.70% |
| 14 | PATHANAMTHITTA | 8603 | 7786 | 90.50% |
| | **Total** | **228581** | **217406** | **95.11%** |

**പ്രധാന പ്രവർത്തനങ്ങൾ**

- നിലവിൽ പദ്ധതി നടപ്പിലാക്കിയപ്പോൾ കണ്ടെത്തിയ പോരായ്മകൾ ഒഴിവാക്കി, പരിഷ്കരിച്ച രീതിയിൽ പ്ലാൻ (സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് സിസ്റ്റം മാർഗരേഖ) തയ്യാറാക്കി അതുവഴി പ്രവർത്തനംനടപ്പിലാക്കുക.
- നിലവിൽ പോർട്ടലിൽ ചെയ്തിട്ടുള്ള ഡാറ്റ, സിഡിഎസുകളിലെ യഥാർഥ രേഖകളുമായി താരതമ്യപ്പെടുത്തിയുള്ള പരിശോധന

**പ്രവർത്തന തന്ത്രം**

- ട്രാൻസാക്ഷൻ ഡാറ്റ ശേഖരിക്കുന്നതിനായുള്ള ഫോർമാറ്റ് ബുക്ക് മാതൃകയിൽ പ്രിന്റ് ചെയ്തു എല്ലാ ഗ്രാമീണ അയൽക്കൂട്ടങ്ങൾക്കും നൽകുന്നതാണ്
- എല്ലാ ഗ്രാമീണ അയൽക്കൂട്ട സെക്രട്ടറി/പ്രതിനിധിമാരെ ഓരോ മാസത്തേയും ട്രാൻസാക്ഷൻ ഡാറ്റ, നൽകുന്നതിനായി പരിശീലിപ്പിക്കുന്നതാണ്
- ഓരോ മാസത്തേയും ട്രാൻസാക്ഷൻ ഡാറ്റ, പോർട്ടലിൽ ഡാറ്റ എൻട്രി ചെയ്യുന്നതിനായി അയൽക്കൂട്ട പ്രതിനിധികൾ സിഡിഎസ് മീറ്റിംഗ് നടക്കുന്ന ദിവസം സിഡിഎസിൽ സമർപ്പിക്കുന്നതാണ്.

ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ

ക്വാർട്ടർ 1

2019 ഏപ്രിൽ - ജൂൺ

1) പദ്ധതിയുടെ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഉൾപ്പെടുത്തി എസ്.ഒ.പി (സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് സിസ്റ്റം) മാർഗ്ഗരേഖ പരിഷ്കരിക്കുക (State Mission)
2) എല്ലാ മാസത്തിലെയും തുടർച്ചയായ ഡാറ്റ എൻട്രി പ്രവർത്തന വിലയിരുത്തുന്നതിന് സിഡിഎസ്, ബ്ലോക്ക്, ജില്ലാ മിഷൻ തലങ്ങളിൽ മാർഗ്ഗരേഖ തയ്യാറാക്കുക(State Mission)
3) എല്ലാ ഗ്രാമീണ സിഡിഎസുകളിലെയും പെൻഡിങ് ഡാറ്റ എൻട്രിയുടെയും, അപ്-ടു-ഡേറ്റ് ആയി ഡാറ്റ എൻട്രി നടത്തിയിട്ടുള്ള അയൽക്കൂട്ടങ്ങളുടെയും കണക്കെടുപ്പ് നടത്തുക (District Mission- BCs)

   [പെൻഡിങ് ഡാറ്റയുടെ കണക്കെടുപ്പ് നടത്തുമ്പോൾ താഴെ പറയുന്ന രീതിയിൽ വേണം ഡാറ്റ ശേഖരിക്കേണ്ടത്

   എ)1 മുതൽ 3 മാസം വരെ പെൻഡിങ് ഡാറ്റയുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം
   ബി) 4 മുതൽ 6 മാസം വരെ പെൻഡിങ് ഡാറ്റയുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം
   സി) 7 മുതൽ 9 മാസം വരെ പെൻഡിങ് ഡാറ്റയുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം
   ഡി) 10 മുതൽ 12 മാസം വരെ പെൻഡിങ് ഡാറ്റയുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം
   ഇ) 12 മാസത്തിന് മുകളിൽ പെൻഡിങ് ഡാറ്റയുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം ]

4) ബിസി മാരുടെ ഓരോ ആഴ്ചയിലെയും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് ടീം മീറ്റിംഗ് നടത്തി സംസ്ഥാന മിഷന് റിപ്പോർട്ട് നൽകേണ്ടതാണ് (District Mission – DPMs)
5) എല്ലാ ഗ്രാമീണ സിഡിഎസുകളിലും ഒരു ആർ.പിയെ നിർബന്ധമായി എടുത്തിരിക്കേണ്ടതാണ്. (District Mission – BCs)
6) സിഡിഎസ് അക്കൗണ്ടന്റ്, നിലവിലെ ആർപി എന്നിവർ ചേർന്ന് എല്ലാ പെൻഡിങ് ഡാറ്റ എൻട്രിയും 2019 ജൂൺ 30 നു മുൻപായി പൂർത്തിയാക്കേണ്ടതാണ്. ഇതിനായി ഒരു ലാപ്ടോപ്പ് ആവശ്യകതയനുസരിച്ച് രണ്ട് അല്ലെങ്കിൽ മൂന്നു മാസത്തേക്ക് വാടകക്ക് എടുക്കാവുന്നതാണ്. ഇതിനായി പുതിയ ആർപി യെ കൂടി കണ്ടെത്തി ചുമതലപ്പെടുത്താവുന്നതാണ് (District Mission – BCs)
7) ജില്ലാ മിഷൻ ഫൈനലൈസ് ചെയ്ത ഡാറ്റ കളക്ഷൻ ഫോർമാറ്റ്, ബുക്ക് മാതൃകയിൽ പ്രിന്റ് ചെയ്തു എല്ലാ അയൽക്കൂട്ടങ്ങൾക്കും നൽകേണ്ടതാണ്. (District Mission – DPMs)
8) എല്ലാ സിഡിഎസിലെയും അപ്-ടു-ഡേറ്റ് ഡാറ്റ എൻട്രി നടത്തിയിട്ടുള്ള എല്ലാ അയൽക്കൂട്ടങ്ങളുടെയും സെക്രട്ടറിമാരെ, ഫോർമാറ്റിൽ ഡാറ്റ പൂരിപ്പിക്കുന്നതിനെകുറിച്ച് പഠിപ്പിക്കുക. 2019 ജൂൺ 30 നു മുൻപായി എല്ലാ അയൽക്കൂട്ട സെക്രട്ടറിമാരെയും ഇത് പഠിപ്പിക്കേണ്ടതാണ്. 2019 ജൂലൈ യിലെ ആദ്യ ആഴ്ചയിലെ സിഡിഎസ് മീറ്റിംഗിൽ, എല്ലാ അയൽക്കൂട്ട സെക്രട്ടറിമാരും സ്വയം എഴുതിയ ട്രാൻസാക്ഷൻ ഡാറ്റ ഷീറ്റ് സിഡിഎസ് അക്കൗണ്ടന്റിനെ ഏല്പിക്കേണ്ടതാണ് .2019 ജൂലൈ 10 നു മുൻപായി ഇതിന്റെ സാക്ഷ്യപത്രം സംസ്ഥാന മിഷന് നൽകേണ്ടതാണ് (District Mission – BCs)

ക്വാർട്ടർ 2 - 4

1)എല്ലാ അയൽക്കൂട്ടങ്ങളുടെയും ട്രാൻസാക്ഷൻ ഡാറ്റ ഷീറ്റ് സെക്രട്ടറി പൂരിപ്പിച്ചശേഷം, എല്ലാ മാസങ്ങളിലെയും ആദ്യ സിഡിഎസ് മീറ്റിംഗിൽ ലഭ്യമാകുന്നുണ്ടെന്നു ബിസി ഉറപ്പു വരുത്തുക. ശേഖരിക്കുന്ന ഡാറ്റ അതാതു മാസം 30 നു മുൻപായി സിഡിഎസ് അക്കൗണ്ടന്റ്, ആർപി

എന്നിവരുടെ ചുമതലയിൽ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ് (District Mission – BCs)

2)പോർട്ടലിൽ ലഭ്യമാകുന്ന റിപ്പോർട്ടുകൾ, അയൽക്കൂട്ടങ്ങളുടെ രജിസ്റ്ററുകളിലെ ഡാറ്റയുമായി താരതമ്യ പരിശോധന നടത്തുക. ഇത് സിഡിഎസ്, എഡിഎസ് എന്നിവ മുഖേന നടത്താവുന്നതാണ്

3) ബിസി മാരുടെ ഓരോ ആഴ്ചയിലേയും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് ടീം മീറ്റിംഗ് നടത്തി സംസ്ഥാന മിഷന്  റിപ്പോർട്ട് നൽകേണ്ടതാണ് (District Mission – DPMs)

ക്വാർട്ടർ 3 – 4

1)എല്ലാ അയൽക്കൂട്ടങ്ങളുടെയും ഡാറ്റ അപ് - ടു -ഡേറ്റ്  ആയി പോർട്ടലിൽ ഡാറ്റ എൻട്രി നടത്തിയ ശേഷം പോർട്ടലിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടുകൾ, സിഡിഎസ്&ജില്ലാ മിഷൻ തലത്തിൽ ഉപയോഗിച്ച് ഡാറ്റ ശരിയാണെന്ന ഉറപ്പ് വരുത്തിയ ശേഷം എല്ലാ മാസവും 30 ന മുൻപായി  സംസ്ഥാന മിഷന് റിപ്പോർട്ട് നൽകേണ്ടതാണ് . (District Mission – DPMs, BCs)

2) ബിസി മാരുടെ ഓരോ ആഴ്ചയിലേയും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് ടീം മീറ്റിംഗ് നടത്തി സംസ്ഥാന മിഷന്  റിപ്പോർട്ട് നൽകേണ്ടതാണ് (District Mission – DPMs)

പ്രതീക്ഷിത നേട്ടം

ബ്ലോക്കിന് കീഴിലുള്ള എല്ലാ ഗ്രാമീണ സിഡിഎസുകളിലേയും അയൽക്കൂട്ടങ്ങളുടെ ട്രാൻസാക്ഷൻ ഡാറ്റ, പെൻഡിങ് ഇല്ലാതെ അപ്-ടു-ഡേറ്റ് ആയി ഡാറ്റ എൻട്രി നടത്തുകയും , പോർട്ടലിൽനിന്നും ലഭ്യമാകുന്ന റിപ്പോർട്ടുകൾ സിഡിഎസുകളിലെയും ജില്ലാമിഷനുകളിലെയും പ്രവർത്തനത്തിൽ ഉപയോഗിക്കുകയും ചെയ്യുക

## ലക്ഷ്യം 2

എല്ലാ ഗ്രാമീണ എഡിഎസുകളിലെയും സാമ്പത്തിക ക്രയവിക്രയ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് ദേശീയ പോർട്ടലിൽ ലഭ്യമാക്കുക. ഇതുവഴി എഡിഎസുകളെ ശാക്തീകരിക്കുകയും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുക

**പദ്ധതിയുടെ പേര്**

**Transaction based MIS in rural ADSs**

ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികളെ(എഡിഎസ്) ശാക്തീകരിക്കുക എന്നത് കുടുംബശ്രീയുടെ പ്രധാന ലക്ഷ്യമാണ്. എഡിഎസുകളുടെ ട്രാൻസാക്ഷൻ ഡാറ്റ ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ അവയുടെ പ്രവർത്തനം സുതാര്യവൽക്കരിക്കപ്പെടുകയും ഇതിലൂടെ അയൽക്കൂട്ടങ്ങൾക്കുള്ള സാമ്പത്തിക പിന്തുണകളും മെച്ചപ്പെടുത്താനും കഴിയുന്നതാണ്

**പശ്ചാത്തലം**

എല്ലാ ഗ്രാമീണ എഡിഎസുകളുടെയും അയൽക്കൂട്ടങ്ങളുടെയും അംഗങ്ങളുടേയും വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുകയും, ഇതിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി രൂപീകരണവും നിലവിലുള്ള പദ്ധതികളുടെ വികസനവും കുടുംബശ്രീയുടെ പ്രധാന ലക്ഷ്യമാണ്. ഗ്രാമീണ അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക ക്രയവിക്രയ വിവരങ്ങൾ പരിപാലിക്കുന്നതിനുള്ള ഡിജിറ്റൽ സംവിധാനമായ 'ട്രാൻസാക്ഷൻ ബേസ്ഡ് എസ്എച്ച്ജി ഡിജിറ്റൽ അക്കൗണ്ടിംഗ്' എന്ന പദ്ധതിയുടെ ഭാഗമായി 93% അയൽക്കൂട്ടങ്ങളുടെ ഡാറ്റ പോർട്ടലിൽ അപ്‌ലോഡ് ചെയ്തിരുന്നു. ഗ്രാമീണ എഡിഎസുകളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതി എല്ലാ ഗ്രാമീണ എഡിഎസുകളിലും നടപ്പിലാക്കുന്നതിന് ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ അനുമതി ലഭിച്ചിരുന്നു. അതിനാൽ ഗ്രാമീണ എഡിഎസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും സുതാര്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 2019 - 20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി എല്ലാ എഡിഎസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു

**പ്രധാന പ്രവർത്തനങ്ങൾ**

- എഡിഎസുകളുടെ ട്രാൻസാക്ഷൻ ഡാറ്റ എല്ലാ ഗ്രാമീണ സിഡിഎസുകളിൽ നിന്നും പോർട്ടലിലേക്കു അപ്‌ലോഡ് ചെയ്യുന്നതിനുള്ള പ്രവർത്തനം നടപ്പിലാക്കുക
- പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന ഡാറ്റയും സിഡിഎസുകളിലെ യഥാർഥ രേഖകളുമായി താരതമ്യപ്പെടുത്തിയുള്ള പരിശോധന

**പ്രവർത്തന തന്ത്രം**

- ട്രാൻസാക്ഷൻ ഡാറ്റ ശേഖരിക്കുന്നതിനായുള്ള ഫോർമാറ്റ് ബുക്ക് മാതൃകയിൽ പ്രിന്റ് ചെയ്തു എല്ലാ ഗ്രാമീണ എഡിഎസുകൾക്കും നൽകുന്നതാണ്

- എല്ലാ ഗ്രാമീണ എഡിഎസ് പ്രതിനിധിമാരെയും ട്രാൻസാക്ഷൻ ഡാറ്റ, നൽകുന്നതിനായി പരിശീലിപ്പിക്കുന്നതാണ്

- എഡിഎസുകളുടെ ട്രാൻസാക്ഷൻ ഡാറ്റ എൻട്രി നടത്തുന്നതിന് മുൻപായി എൻആർഎൽഎം എംഐഎസ് പോർട്ടലിലെ പ്രൊഫൈൽ വിവരങ്ങൾ ശരിയാണെന്ന ഉറപ്പു വരുത്തുന്നതാണ്

- ഓരോ മാസത്തേയും ട്രാൻസാക്ഷൻ ഡാറ്റ, പോർട്ടലിൽ ഡാറ്റ എൻട്രി ചെയ്യുന്നതിനായി എഡിഎസ് പ്രതിനിധികൾ സിഡിഎസ് മീറ്റിംഗ് നടക്കുന്ന ദിവസം സിഡിഎസിൽ സമർപ്പിക്കുന്നതാണ്.

ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ

ക്വാർട്ടർ 1

2019 ഏപ്രിൽ - ജൂൺ

1) എഡിഎസുകളുടെ ട്രാൻസാക്ഷൻ ഡാറ്റ എൻട്രി പ്രവർത്തനത്തിനുള്ള പ്ലാൻ തയ്യാറാക്കുക (State Mission)
2) എഡിഎസുകളുടെ ട്രാൻസാക്ഷൻ ഡാറ്റ എൻട്രി പ്രവർത്തനത്തിനുള്ള പരിശീലനം ജില്ലാ മിഷനുകൾക്കും നൽകുക (State Mission)
3) സിഡിഎസുകളുടെയും എഡിഎസുകളുടെയും പ്രൊഫൈൽ സ്റ്റാറ്റസ് 'കംപ്ലീറ്റ് ' ആണെന്ന് ഉറപ്പു വരുത്തുക. അല്ലെങ്കിൽ പ്രൊഫൈൽ സ്റ്റാറ്റസ് 'കംപ്ലീറ്റ്' ആക്കേണ്ടതാണ്. (District Mission – BCs)
4) എഡിഎസ്, സിഡിഎസ് എന്നിവയുടെ പ്രൊഫൈലിലേക്ക മാപ് ചെയ്യപ്പെടുന്ന അയൽക്കൂട്ട പ്രൊഫൈലുകളുടെ എണ്ണം, യഥാർത്ഥ ഫീൽഡ് പ്രോഗ്രസ്സ് അനുസരിച്ചുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണത്തിന് തുല്യമാണെന്ന് ഉറപ്പ് വരുത്തുക (District Mission – BCs)
5) സംസ്ഥാന മിഷനിൽ നിന്നും നൽകുന്ന പരിശീലത്തിനു ശേഷം, എല്ലാ സിഡിഎസ് അക്കൗണ്ടന്റുമാർക്കും ആർപി മാർക്കും 'എഡിഎസ്- ട്രാൻസാക്ഷൻ ഡാറ്റ എൻട്രി ' യുടെ പരിശീലനം നൽകേണ്ടതാണ് . (District Mission – DPMs, BCs)
6) ബിസി മാരുടെ ഓരോ ആഴ്ചയിലേയും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് ടീം മീറ്റിംഗ് നടത്തി സംസ്ഥാന മിഷന് റിപ്പോർട്ട് നൽകേണ്ടതാണ് (District Mission – DPMs)

ക്വാർട്ടർ 2

2019ജൂലൈ - സെപ്റ്റംബർ

1) 2019 ജൂലൈ മുതൽ , എല്ലാ എസിഎസുകളുടെയും ട്രാൻസാക്ഷൻ ഡാറ്റ എൻട്രി പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ് (District Mission – DPMs)
2) എഡിഎസ് ട്രാൻസാക്ഷൻ ഡാറ്റ ഫോർമാറ്റ് രൂപീകരിക്കുന്നതിനുള്ള മാതൃകകൾ സിഡിഎസ് അക്കൗണ്ടന്റ് മാരിൽനിന്നു ശേഖരിക്കേണ്ടതാണ്. ഇത് ഡിപിഎം മാർ മുഖേന സംസ്ഥാന മിഷന് നൽകേണ്ടതാണ് (District Mission – BCs)

ക്വാർട്ടർ 3

1) സംസ്ഥാന മിഷനിൽ നിന്നും ഡാറ്റ കളക്ഷൻ ഫോർമാറ്റ് ലഭിച്ച ശേഷം, ജില്ലാമിഷൻ ഫൈനലൈസ് ചെയ്യുന്ന ഫോർമാറ്റ് ഉപയോഗിച്ച് ബുക്ക് മാതൃകയിൽ പ്രിന്റ് ചെയ്തു എല്ലാ എഡിഎസുകൾക്കും നൽകേണ്ടതാണ്(District Mission – DPMs)
2) ട്രാൻസാക്ഷൻ ഡാറ്റ ഷീറ്റ് പൂരിപ്പിക്കുന്നതിനെ കുറിച്ച് എഡിഎസ് ചെയർപേഴ്സൺ/ വൈസ് ചെയർപേഴ്സണിനെ പഠിപ്പിക്കേണ്ടതാണ് (District Mission – BCs)

3) എല്ലാ ഗ്രാമീണ എഡിഎസുകളുടെയും ട്രാൻസാക്ഷൻ ഡാറ്റ ഷീറ്റ് എഡിഎസ് ഭാരവാഹികൾ പൂരിപ്പിച്ചശേഷം, എല്ലാ മാസങ്ങളിലെയും ആദ്യ സിഡിഎസ് മീറ്റിംഗിൽ ലഭ്യമാകുന്നുണ്ടെന്ന ബിസി ഉറപ്പു വരുത്തുക. ശേഖരിക്കുന്ന ഡാറ്റ അതാതു മാസം 30 ന മുൻപായി സിഡിഎസ് അക്കൗണ്ടന്റ്, ആർപി എന്നിവരുടെ ചുമതലയിൽ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ് (District Mission – BCs)
4) ബിസി മാരുടെ ഓരോ ആഴ്ചയിലേയും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് ടീം മീറ്റിംഗ് നടത്തി സംസ്ഥാന മിഷന് റിപ്പോർട്ട് നൽകേണ്ടതാണ് (District Mission – DPMs)

ക്വാർട്ടർ 4

1) പോർട്ടലിൽ ലഭ്യമാകുന്ന റിപ്പോർട്ടുകൾ, എഡിഎസുകളുടെ രജിസ്റ്ററുകളിലെ ഡാറ്റയുമായി താരതമ്യ പരിശോധന നടത്തുക. ഇത് സിഡിഎസ്, എഡിഎസ് എന്നിവ മുഖേന നടത്താവുന്നതാണ് (District Mission – BCs)
2) എല്ലാ ഗ്രാമീണ എഡിഎസുകളുടെയും ട്രാൻസാക്ഷൻ ഡാറ്റ അപ് - ടു -ഡേറ്റ് ആയി പോർട്ടലിൽ ഡാറ്റ എൻട്രി നടത്തിയ ശേഷം പോർട്ടലിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടുകൾ, സിഡിഎസ്&ജില്ലാ മിഷൻ തലത്തിൽ ഉപയോഗിച്ച് ഡാറ്റ ശരിയാണെന്ന ഉറപ്പു വരുത്തിയ ശേഷം എല്ലാ മാസവും 30 ന മുൻപായി സംസ്ഥാന മിഷന് റിപ്പോർട്ട് നൽകേണ്ടതാണ് (District Mission – DPMs, BCs)
3) ബിസി മാരുടെ ഓരോ ആഴ്ചയിലേയും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് ടീം മീറ്റിംഗ് നടത്തി സംസ്ഥാന മിഷന് റിപ്പോർട്ട് നൽകേണ്ടതാണ് (District Mission – DPMs)

പ്രതീക്ഷിത നേട്ടം

ബ്ലോക്കിന് കീഴിലുള്ള എല്ലാ ഗ്രാമീണ സിഡിഎസുകളിലേയും എഡിഎസുകളുടെ ട്രാൻസാക്ഷൻ ഡാറ്റ, പെൻഡിങ് ഇല്ലാതെ അപ്-ടു-ഡേറ്റ് ആയി ഡാറ്റ എൻട്രി നടത്തുകയും , പോർട്ടലിൽനിന്നും ലഭ്യമാകുന്ന റിപ്പോർട്ടുകൾ സിഡിഎസുകളിലും ജില്ലാമിഷനുകളിലെയും പ്രവർത്തനത്തിൽ ഉപയോഗിക്കുകയും ചെയ്യുക

## ലക്ഷ്യം 3

എല്ലാ സിഡിഎസുകളുടെയും വെബ് പേജ് , കുടുംബശ്രീ വെബ് സൈറ്റിൽ രൂപീകരിക്കുകയും അതിന്റെ നിരന്തരമായ അപ്ഡേഷൻ നടത്തുകയും ചെയ്യുക. ഇത് വഴി, സിഡിഎസുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കു മികച്ച പ്രചാരണം ലഭിക്കുന്നതാണ്

**പദ്ധതിയുടെ പേര്**

**Creation and updation of CDS web pages at Kudumbashree website**

എല്ലാ സിഡിഎസുകളുടെയും പ്രവർത്തന പുരോഗതി അറിയുന്നതിനായി സ്വന്തമായി വെബ് പേജ് രൂപീകരിക്കുക എന്നത് കുടുംബശ്രീയുടെ ലക്ഷ്യമാണ്. ഇതിലൂടെ സിഡിഎസുകളുടെ അറിവ് കൈമാറ്റം ചെയ്യുക എന്നത് ലക്ഷ്യമിടുന്നു

**പശ്ചാത്തലം**

സിഡിഎസുകളെ സംബന്ധിക്കുന്ന വിവരങ്ങളും പ്രവർത്തന വിവരങ്ങളും വെബ്സൈറ്റിൽ നൽകുന്നതിനായി എല്ലാ സിഡിഎസുകൾക്കും ലോഗിൻ ഐഡി, പാസ്സ്‌വേർഡ്, വെബ് പേജ് രൂപീകരിക്കുന്നതിനുള്ള യൂസർ ഗൈഡ് എന്നിവ നൽകിയിരുന്നു. എന്നാൽ ഭാഗികമായി മാത്രമേ സിഡിഎസുകൾ വെബ് പേജുകൾ രൂപീകരിച്ചിട്ടുള്ളു. ആയതിനാൽ സിഡിഎസ് പ്രവർത്തനങ്ങൾക്കു പ്രചാരം നൽകുന്നതിനായി എല്ലാ സിഡിഎസുകളുടെയും വെബ് പേജ് രൂപീകരണവും നിരന്തരമായ അപ്ഡേഷനുമാണ് ഇനി ചെയ്യാനുള്ളത്

**പ്രധാന പ്രവർത്തനങ്ങൾ**

- സിഡിഎസ് വെബ് പേജ് അപ്ഡേറ്റ് ചെയ്യുന്ന പ്രവർത്തനം പുനരാരംഭിക്കുക
- മികച്ച സിഡിഎസ് പേജുകളെക്കുറിച്ചുള്ള പ്രചരണം നടത്തി മറ്റുള്ളവർക്ക് പ്രോത്സാഹനം നൽകുക

**പ്രവർത്തന തന്ത്രം**

- എല്ലാ സിഡിഎസുകൾക്കും ലോഗിൻ ഐഡി, പാസ്സ്‌വേർഡ്, വെബ് പേജ് രൂപീകരിക്കുന്നതിനുള്ള യൂസർ ഗൈഡ് എന്നിവ നൽകുക
- മികച്ച സിഡിഎസ് പേജുകളുടെ വെബ് അഡ്രസ് വാട്സാപ്പ് സന്ദേശങ്ങളായി മറ്റു സിഡിഎസുകൾക്കു നൽകുക
- ഈ പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനുള്ള മോണിറ്ററിങ് ആൻഡ് ഇവാല്യൂവേഷൻ നടത്തുക

ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ

ക്വാർട്ടർ 1

2019 ഏപ്രിൽ - ജൂൺ

1) എല്ലാ സിഡിഎസുകൾക്കും ലോഗിൻ ഐഡി, പാസ്സ്‌വേർഡ്, വെബ് പേജ് രൂപീകരിക്കുന്നതിനുള്ള യൂസർ ഗൈഡ് എന്നിവ നൽകുക(State Mission)
2) റൂറൽ, അർബൻ ഉൾപ്പെടെയുള്ള എല്ലാ സിഡിഎസ് അക്കൗണ്ടന്റുമാരും സിഡിഎസ് വെബ് പേജ് , കുടുംബശ്രീ വെബ്സൈറ്റിൽ രൂപീകരിക്കുക (District Mission – BCs)
3) മികച്ച സിഡിഎസ് പേജുകളുടെ വെബ് അഡ്രസ് വാട്സാപ്പ് സന്ദേശങ്ങളായി മറ്റു സിഡിഎസുകൾക്കു നൽകുക (District Mission – BCs)
4) എല്ലാ സിഡിഎസുകളും അതാത് വെബ് പേജുകൾ അപ്ഡേറ്റഡ് ആയി നിലനിർത്തുന്നുണ്ടെന്നു ഉറപ്പു വരുത്തുക(District Mission – DPMs, BCs)

ക്വാർട്ടർ 2 – 4

1) മികച്ച സിഡിഎസ് പേജുകളുടെ വെബ് അഡ്രസ് വാട്സാപ്പ് സന്ദേശങ്ങളായി മറ്റു സിഡിഎസുകൾക്കു നൽകുക (District Mission – BCs)
2) എല്ലാ സിഡിഎസുകളും അതാത് വെബ് പേജുകൾ അപ്ഡേറ്റഡ് ആയി നിലനിർത്തുന്നുണ്ടെന്നു ഉറപ്പു വരുത്തുക(District Mission – DPMs, BCs)

പ്രതീക്ഷിത നേട്ടം

ഓരോ സിഡിഎസിലെയും സമഗ്ര വിവരങ്ങൾ , സിഡിഎസ് തന്നെ അപ്-ടു-ഡേറ്റ് ആക്കി നിലനിർത്തുന്ന സംവിധാനം കൊണ്ടുവരിക